പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 205

8.3.2018 -ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാര വികസനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം<br>ശ്രീ.കെ. കൃഷ്ണൻകുട്ടി<br>ശ്രീ.സി.കെ.നാണു<br>ശ്രീ.കോവൂർ കുഞ്ഞുമോൻ<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിൽ ടൂറിസം വികസനത്തിന് സാധ്യതയുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് ടൂറിസം വികസനത്തിന് സാധ്യതയുള്ള മേഖലകളെ കുറിച്ചുള്ള വിലയിരുത്തലുകൾ സഞ്ചാരികളുടെ താല്പര്യം മുൻനിർത്തി കേരളത്തിലെ ട്രേഡുമായി സംവദിച്ച് അവരുടെ അഭിപ്രായമനുസരിച്ചാണ് തിട്ടപ്പെടുത്തുന്നത്. അങ്ങനെ തിട്ടപ്പെടുത്തിയ ഉത്പന്നങ്ങൾക്ക് വേണ്ട ദേശീയ വിദേശീയ പ്രചരണ പരിപാടികൾ നടത്തി വിപണനം ചെയ്യുന്നുണ്ട്.<br>പ്ലാന്റേഷൻ ടൂറിസം, മൺസൂൺ ടൂറിസം, വില്ലേജ് ലൈഫ് എക്സ്പീരിയൻസ് ടൂറിസം, ബാക്ക് വാട്ടർ ടൂറിസം, പിൽഗ്രിം ടൂറിസം, ഹിൽ ടൂറിസം, അഡ്വഞ്ചർ ടൂറിസം, മൈസ്(MICE) ടൂറിസം ഇവയെല്ലാം ഇങ്ങനെ വിലയിരുത്തപ്പെട്ട മേഖലകളാണ്. |
| ബി) | വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ടൂറിസം വകുപ്പ് വിദേശ രാജ്യങ്ങളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വെളിപ്പെടുത്തുമോ; | ബി) | വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് വിവിധ വിദേശ രാജ്യങ്ങളിൽ ടൂറിസം വകുപ്പ് വിവിധ പ്രചരണ പരിപാടികളും റോഡ്ഷോകളും സംഘടിപ്പിച്ച് വരുന്നു. വിദേശങ്ങളിൽ നടക്കുന്ന പ്രധാനപ്പെട്ട ടൂറിസം ഫെയറുകളിൽ കേരള ടൂറിസത്തിന്റെ സാന്നിധ്യം ഉറപ്പാക്കുന്നുണ്ട്. നവ മാധ്യമങ്ങളുടെ സഹായത്തോടെ കേരളത്തിന്റെ ടൂറിസം സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേരള ബ്ലോഗ് എക്സ്പ്രസ് പോലുള്ള നവീന മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പാക്കി വരുന്നു. വിനോദ സഞ്ചാരികളെയും കലാസ്വാദകരേയും ആകർഷിക്കുന്നതിനായി കൊച്ചി ബിനാലെ കേരള ടൂറിസത്തിന്റെ സഹകരണത്തോടെ സംഘടിപ്പിച്ചുവരുന്നു. |

| | | | |
|---|---|---|---|
| സി) | ടൂറിസം മേഖല ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; അവ പരിഹരിച്ച് സംസ്ഥാനത്ത് ടൂറിസം മേഖല മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | സി) | ടൂറിസം മേഖല നേരിടുന്ന പ്രധാന വെല്ലുവിളി അടിസ്ഥാന സൗകര്യ വികസനമാണ്. ഇതിന് പുറമെ പരിസ്ഥിതി സൗഹൃദമായ പദ്ധതികൾ രൂപപ്പെടുത്തുന്നതിനും, ടൂറിസം കേന്ദ്രങ്ങളെ മാലിന്യമുക്തമാക്കുന്നതിനുമുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതും പ്രയാസമേറിയ സംഗതിയാണ്. ഗുണനിലവാരവും, സേവനവും മെച്ചപ്പെടുത്തുക എന്നതാണ് മറ്റൊരു പ്രധാന ദൗത്യം. പുതിയ ടൂറിസം നയം പ്രധാനമായും ടൂറിസം മേഖല നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടുള്ളതാണ്. മാലിന്യ സംസ്കരണമാണ് മറ്റൊരു വെല്ലുവിളി. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എൻ.ജി.ഒ കൾ എന്നിവരുമായി ചേർന്ന് ഇത് പരിഹരിച്ചുവരികയാണ്.<br>ടൂറിസം മേഖലയെ മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് വരുന്നു. വകുപ്പ് നേരിട്ടും, പൊതു സ്വകാര്യ പങ്കാളിത്തത്തോടെയും സ്വകാര്യ സംരംഭകരിലൂടെയുമാണ് ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുന്നത്. പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>• കേന്ദ്ര ടൂറിസം മന്ത്രാലയം വിഭാവനം ചെയ്തിട്ടുള്ള ' പ്രസാദ് ' എന്ന പദ്ധതിയിൽ ഗുരുവായൂരിനെ ഉൾപ്പെടുത്തി.<br>• പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികൾക്കും, പൊതു സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ടൂറിസം പദ്ധതികൾക്കും വകുപ്പ് കൂടുതൽ പ്രാധാന്യം നൽകുന്നുണ്ട്.<br>• ' കിഫ്ബി ' യുടെ ധന സഹായത്തോടെ പ്രധാന ടൂറിസം കേന്ദ്രങ്ങളുടെയും, സർക്യൂട്ടുകളുടെയും വികസനത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്.<br>• കാസർഗോഡ്-കണ്ണൂർ ജില്ലകളിലെ നദികളെയും, കായലുകളെയും ഉൾപ്പെടുത്തിക്കൊണ്ട് 325 കോടി രൂപയുടെ "മലനാട്-മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ട് " എന്ന പദ്ധതി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.<br>• ഉത്തരവാദിത്ത ടൂറിസത്തിനായി പ്രത്യേക മിഷൻ രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | • പ്രധാന ടൂറിസം കേന്ദ്രങ്ങളെ പ്ലാസ്റ്റിക് രഹിത മേഖലയാക്കി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br>• ബേക്കലിൽ എയർസ്ട്രിപ്പിന് നടപടി. വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ എയർസ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനത്തിന് തുടക്കം കുറിച്ചു കഴിഞ്ഞിട്ടുണ്ട്.<br>• ഡിറ്റിപിസികളുടെയും, ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികളുടെയും ശാസ്ത്രീയമായ പുന:സംഘടനയ്ക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>• ഗസ്റ്റ് ഹൗസുകളുടെ നവീകരണം<br>• ഹൗസ് ബോട്ടുകൾ, ആയുർവേദ സെന്ററുകൾ, ഹോംസ്റ്റേകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയവയ്ക്ക് ക്ലാസിഫിക്കേഷൻ സിസ്റ്റം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>• പൈതൃക ഗ്രാമ സംരക്ഷണം<br>• ' ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം ' പദ്ധതി<br>• മുസിരിസ് മാതൃകയിൽ തലശ്ശേരി-ആലപ്പുഴ ഹെറിറ്റേജ് പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ<br>• സംസ്ഥാന ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ' ഗ്രീൻ കാർപ്പറ്റ് ' എന്ന പദ്ധതി.<br>• ബാരിയർ ഫ്രീ ടൂറിസം എന്ന പദ്ധതിയ്ക്ക് സർക്കാർ അനുമതി ലഭ്യമാക്കുകയും നടപടികൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്.<br>• തീർത്ഥാടക പൈതൃക ടൂറിസം പദ്ധതി |

**സെക്ഷൻ ഓഫീസർ**